**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1712** **05-07-2022 - ൽ മറുപടിയ്ക്ക്**

**വിദൂര, പ്രൈവറ്റ് വിദ്യാഭ്യാസ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള, എം.ജി, കണ്ണൂർ, കാലിക്കറ്റ് സർവകലാശാലകളിൽ നിലവിലുള്ള വിദൂര, പ്രൈവറ്റ് വിദ്യാഭ്യാസ സംവിധാനം ഈ വർഷം തുടരാനാവില്ല എന്ന് സർക്കാർ യൂണിവേഴ്സിറ്റികളോട് നിർദേശിച്ചിട്ടുണ്ടോ; | (എ) | ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2021 ൽ തന്നെ യു.ജി.സി. ആക്ട് 1956, സെക്ഷൻ 2(f) ൽ ഉൾപ്പെടുത്തി ഓപ്പൺ ഡിസ്റ്റൻസ് ലേർണിംഗ് രീതികളിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി യു.ജി.സി.യിൽ നിന്നും ലഭിച്ചിട്ടുണ്ട്. (Order F No.9-17/2020(CPP-I/PU), dated 07.05.2021). 12 യു.ജി. കോഴ്സുകളും 5 പി.ജി. കോഴ്സുകളും ഈ വർഷം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേകം യു.ജി.സി. അനുമതി ആവശ്യമായതിനാൽ ഇതിനു വേണ്ട രേഖകൾ മുഴുവനും യു.ജി.സിയുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയ്ക്ക് (DEB) സമർപ്പിച്ചിട്ടുണ്ട്. യു.ജി.സിയുടെ അനുമതി ഈ അക്കാദമിക വർഷം മുതൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. യു.ജി.സി. അനുമതി കിട്ടിയാൽ 2022-23 അക്കാദമിക വർഷം ഈ കോഴ്സുകളിലേക്ക് പ്രവേശനം നടത്താൻ കഴിയും.<br><br>മേൽ സാഹചര്യത്തിലാണ് സർക്കാർ നിർദ്ദേശം വരുന്നതു വരെ വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകളിലേക്ക് പ്രവേശനം നടത്താൻ പാടുള്ളതല്ല എന്ന് സർക്കുലർ മുഖേന സർവ്വകലാശാലകളെ അറിയിച്ചത്. ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയിൽ യു.ജി.സിയുടെ DEB ൽ നിന്നും 2022-23 അധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽ ഈ വർഷം വിദൂര വിദ്യാഭ്യാസം/ പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റു സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണ്. 2021-22 അദ്ധ്യയന വർഷം ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ |

| | | | |
|---|---|---|---|
| | | | കോഴ്സുകൾ ആരംഭിക്കാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ പഠിതാക്കൾക്ക് ബുദ്ധിമുട്ടുണ്ടാകാതെയിരിക്കാൻ മറ്റു സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസത്തിലൂടെ കോഴ്സുകൾ നടത്താൻ സർക്കാർ അനുമതി നൽകിയിരുന്നു. |
| (ബി) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഈ വർഷം കോഴ്സുകൾ ആരംഭിക്കുമോ; പ്രസ്തുത യൂണിവേഴ്സിറ്റിയിലെ കോഴ്സുകൾക്ക് യു.ജി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (ബി) | (എ) പിരിവിൽ നൽകിയിട്ടുണ്ട്. |
| (സി) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ കോഴ്സുകൾക്ക് യു.ജി.സി.യുടെ അംഗീകാരം ലഭിക്കാതിരിക്കുകയും വിദൂര വിദ്യാഭ്യാസവും പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയുള്ള കോഴ്സുകൾ നടത്തുന്നതിനുള്ള അനുമതിയും വൈകിയതിനാൽ മുൻവർഷം വിദൂര വിദ്യാഭ്യാസ മേഖലയിൽ പഠനം നടത്തേണ്ട കുട്ടികൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ ഗൗരവപൂർവം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | (എ) പിരിവിൽ നൽകിയിട്ടുണ്ട്. |
| (ഡി) | മറ്റ് സംസ്ഥാനങ്ങളിൽ ഓപ്പൺ യൂണിവേഴ്സിറ്റികളിലും സ്റ്റേറ്റ് യൂണിവേഴ്സിറ്റികളിലും വിദൂര വിദ്യാഭ്യാസം തുടരുന്ന മാതൃക സംസ്ഥാനത്ത് അനുവർത്തിക്കുന്നത് ഉചിതമായിരിക്കും എന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ അപ്രകാരമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ